# ശ്രീനാരായണഗുരുവി
# ജലംകൊണ്ട



**ഭൗതിക പ്രപഞ്ചത്തിലെ കാര്യജാലങ്ങൾക്കു പിന്നിലെ കാരണസത്തയെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് ഭാരതീയ ആത്മീയസാഹിത്യത്തിന്റെ പൊതുപ്രമേയം. ഈ ചിന്താപാരമ്പര്യത്തിന്റെ തുടർച്ചയാണ് ശ്രീനാരായണഗുരുവിന്റെ ആത്മീയരചനകൾ.**

**ആർ. ചന്ദ്രബോസ്**
9446487452

പ്രാപഞ്ചിക ജീവിതത്തിന്റെ കാര്യകാരണങ്ങളെ ആഴത്തിലും പരപ്പിലും അറിഞ്ഞ മനസ്സും സൂക്ഷ്മവും ഊർജ്ജവാഹിയുമായ വചസ്സും സാമൂഹികതിന്മകളെ ഉച്ചാടനം ചെയ്യാനുറച്ച തീവ്രകർമ്മങ്ങളും കൊണ്ടാണ് ഭാരതീയ സന്യാസപാരമ്പര്യത്തിൽ ശ്രീനാരായണ ഗുരു വേറിട്ടു നിൽക്കുന്നത്. ഗുരു നമ്മെ വഴിനടത്തിയത് ശാന്തമായ ജലാശയത്തിലേക്കു മാത്രമല്ല. ഇരമ്പിമറിയുന്ന, കത്തുന്ന സമുദ്രങ്ങളിലേക്കു കൂടിയായിരുന്നു. ഭൗതികജീവിതത്തിന്റെയും കൈവല്യാനന്ദത്തിന്റെയും ബിംബമായിരുന്നു ഗുരുവിന് സാഗരം. ഗുരു അനുഭവിച്ച അശാന്തികളും തുരീയാനുഭവവും കവിതകളിൽ ചലനം കൊള്ളുന്നു. ഭാഷയിലെ അത്ഭുതമാണ് ഗുരുവിന്റെ കവിതകൾ. തമിഴ്, സംസ്കൃതം, മലയാളം ത്രിവേണിയിലൂടെ ഒഴുകുന്ന ഗുരുവിന്റെ ആത്മീയ വചനങ്ങൾ ഭാഷയുടെ ആഴങ്ങൾ അനുഭവിപ്പിക്കുന്നവയത്രേ. അവയിലെ പദകോശവും പ്രതീകങ്ങളും പ്രാസതാളലയങ്ങളുമെല്ലാം സർഗ്ഗാത്മകതയുടെ അപാരതീരങ്ങളെയെന്നപോല ഭാഷയുടെ സാധ്യതകളെയും കാണിച്ചു തരുന്നുണ്ട്. നേരിട്ട് കവിതയായി പറഞ്ഞത് ശിഷ്യർ പകർത്തിയെഴുതിയതാണ് അവയിൽ ഭൂരിഭാഗവും എന്ന അറിവ് നമ്മെ ഗുരു എന്ന വിസ്മയത്തെ പിന്തുടരാൻ പ്രേരിപ്പിക്കും.

ഗുരുവിന്റെ കവിതകളിലെ ജലബിംബങ്ങളെക്കുറിച്ചുള്ള ഒരന്വേഷണമാണ് ഇവിടെ നിർവഹിക്കുന്നത്. അതിവൃഷ്ടിയും അനാവൃഷ്ടിയും മനുഷ്യരാശിയെ സങ്കടക്കടലിലാഴ്ത്തുന്ന, ജലയുദ്ധങ്ങൾക്ക് കോപ്പുകൂട്ടുന്ന, ശുദ്ധജലം കിട്ടാക്കനിയായ ഇക്കാലത്ത് ജലത്തിന്റെ ദിവ്യത തിരിച്ചറിയേ

ള്ളപ്പൊക്കമുണ്ടായി പരന്നൊഴുകുന്നതുപോലെയാണ് ജ്ഞാനത്തിന്റെ നാദം വന്ന് കാതുകളിൽ വീണ് ജ്ഞാനക്കണ്ണ് തുറക്കാനിടയാകുന്നത് എന്ന് പറയുന്നു ഗുരു.

നിലമൊടുനീരതുപോലെകാറ്റുതീയും
വെളിയുമഹംകൃതിവിദ്യയുംമനസ്സും
അലകളുമാഴിയുമെന്നുവേണ്ടയെല്ലാ
വുലകുമുയർന്നറിവായിടുന്നു

എന്നത്രേ ഗുരുവരുൾ. പഞ്ചഭൂതങ്ങളും ഞാൻ എന്ന ഭാവവും വിദ്യയും മനസ്സും തിരകളും കടലും എന്നുതന്നെയല്ല എല്ലാ ലോകവും ഉദാരത കൈവരിച്ച് അറിവുമാത്രമായി മാറിപ്പോകുന്നു. സകലതിനും ആദികാരണമായിരിക്കുന്ന മൂലസംവിത്കടൽ എന്നും പരന്പരിതാപമേകിടുന്നവർ ചെന്നുവീഴുന്ന 'എരിനരകാബ്ധി' എന്നുമുള്ള ബിംബരചനകളും ആത്മോപദേശശതകത്തിലുണ്ട്.

**ഭവസാഗരം**

ഗുരുരചിച്ച ഏറ്റവും ജനപ്രിയമായ പ്രാർത്ഥനാഗീതമാണ് ദൈവദശകം. മതേതരമാനവികതയുടെയും പ്രപഞ്ചസത്യദർശനത്തിന്റെയും സാരസംക്ഷേപമായ ഈ പ്രാർത്ഥനാഗീതി കുട്ടികൾക്ക് ചൊല്ലാൻ വേണ്ടി രചിച്ചതത്രേ. ഈ കവിതയിലും ജലബിംബങ്ങൾ ഗാംഭീര്യത്തോടെ പ്രത്യക്ഷപ്പെടുന്നു.

'നാവികൻ നീ ഭവാബ്ധിക്കോ-രാവിവൻതോണിനിൻപദം'

ഭവസാഗരത്തിൽപ്പെട്ടു വലയുന്ന ഞങ്ങളെ രക്ഷിക്കാൻ കപ്പലുമായി വന്നണയുന്ന നാവികനായി ദൈവത്തെ സംബോധന ചെയ്തുകൊണ്ടാരംഭിക്കുന്ന കവിതയിൽ ആഴി, തിര, കാറ്റ്, ആഴം എന്നീ ഉപമാനങ്ങളിലൂടെ ഈശ്വരതത്ത്വത്തെ ലളിതമായി പറയുന്നു.

'ആഴിയും തിരയും കാറ്റും
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം'

ഈശ്വരനെ ആഴിയായി കല്പിക്കുന്നു. നമ്മൾ ആഴിയത്രേ. ഉപരിതലം തിരകൾ എന്ന മായാജാലം നിറഞ്ഞതാണ്. തിരകൾക്കു കാരണമാകുന്ന കാറ്റ് ഈശ്വരന്റെ മഹിമ തന്നെ. സമുദ്രവും ഇളകി

**ജലബിംബങ്ങൾ കൊണ്ടും ഒരു ജനതയുടെ മുറിവുണക്കാൻ ശ്രമിച്ചവനാണ് ഗുരു എന്ന് അദ്ദേഹത്തിന്റെ കവിതകൾ സാക്ഷ്യപ്പെടുത്തുന്നു.**

മറിയുന്ന തിരയും കാറ്റും ആഴവും തത്ത്വത്തിൽ ഒന്നായിരിക്കുന്നതുപോലെ എല്ലാം അഭേദമാണെന്ന തത്ത്വം അറിയുവാൻ കഴിയണം എന്നു പ്രാർത്ഥന. അദ്വൈതതത്ത്വത്തെ ജലബിംബങ്ങളിലൂടെ സരളമായി പറയുകയാണ് ഗുരു.

'ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാഴവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം'

ജലമായിരിക്കുന്നവനാണ് ഈശ്വരൻ. ആ ജലനിധിയിൽ എല്ലാവരും ഒന്നൊഴിയാതെ ആഴ്ന്നുപോകുന്നു. ഈശ്വരൻ എന്ന സാഗരത്തിൽ ഒന്നായിത്തീർന്ന് നിത്യമായി വാഴാനും ആ പരമാനന്ദം അനുഭവിക്കാനും ഇടയാകേണമേ എന്ന പ്രാർത്ഥനയിലാണ് ദൈവദശകം അവസാനിക്കുന്നത്. ആഴി, ആഴം എന്നീ ബിംബങ്ങളുടെ സാന്നിധ്യമാണ് ഈ പ്രാർത്ഥനാഗീതത്തെ ഗംഭീരമുഴക്കങ്ങളുടെയും അപാരതയെ ആശ്ലേഷിക്കുന്ന യോഗാത്മകാനുഭൂതിയുടെയും പ്രാർത്ഥനാഗീതമാക്കി മാറ്റുന്നത്. ഗുരുവിന്റെ ജലബിംബങ്ങളിൽ ഏറ്റവും അർത്ഥസാന്ദ്രവും ഉദാത്തവുമായ ഭാവം പകരുന്നവയാണ് ഈ കവിതയിലെ ബിംബങ്ങൾ എന്നു കാണാം. മനോവാക്കർമ്മങ്ങൾ കൊണ്ട് അനുകമ്പയുടെയും ജീവകാരുണ്യത്തിന്റെയും സാഗരമായിത്തീർന്ന ഗുരുവാണ് ശ്രീനാരായണൻ. ജലബിംബങ്ങൾ കൊണ്ട് ആത്മീയജീവിതത്തിന്റെയും ഭൗതികജീവിതത്തിന്റെയും സമസ്യകളെ അഭിഷേകം ചെയ്യുകയായിരുന്നു അദ്ദേഹം. ജ്ഞാനതപസ്സിന്റെ നിബിഡകാന്താരങ്ങളിലും പരതത്ത്വജ്ഞാനാന്വേഷണങ്ങളുടെ അപാരതീരങ്ങളിലും സഞ്ചരിച്ചപ്പോഴും വിശാലമാനവികസങ്കല്പങ്ങളെക്കുറിച്ച് പറഞ്ഞപ്പോഴുമൊക്കെ ജലബിംബങ്ങൾ കൊണ്ടാണ് തന്റെ ആശയാനുഭൂതികൾ വിനിമയം ചെയ്തത്. തുള്ളികളാകുന്ന കണികകളിൽ നിന്ന് അനന്തതയാകുന്ന സാഗരത്തിലേക്കു വളരുന്ന ജലബിംബങ്ങൾ കൊണ്ടല്ലാതെ തന്റെ ആത്മീയാനുഭൂതികൾക്കും ചിന്തകൾക്കും ഭാഷ നൽകുക സാധ്യമല്ലെന്നു ഗുരു തിരിച്ചറിഞ്ഞിരുന്നു. ജലബിംബങ്ങൾ കൊണ്ടും ഒരു ജനതയുടെ മുറിവുണക്കാൻ ശ്രമിച്ചവനാണ് ഗുരു എന്ന് അദ്ദേഹത്തിന്റെ കവിതകൾ സാക്ഷ്യപ്പെടുത്തുന്നു. ■

**അവലംബം**

ശ്രീനാരായണഗുരു സമ്പൂർണ്ണകൃതികൾ (വ്യാഖ്യാ.) മുനിനാരായണപ്രസാദ്, നാഷണൽ ബുക്സ് ട്രസ്റ്റ് ദൽഹി 2005.

ആത്മോപദേശശതകം (വ്യാഖ്യാ.) നിത്യചൈതന്യയതി, നാരായണഗുരുകുലം, വർക്കല 2005.

Krishna's
പ്രഭാതത്തിലെ പുത്തൻ ഉന്മേഷവുമായി
KRISHNA COFFEE WORKS Since 1952 PALAKKAD
Coffee Time
Coffee at its best
KRISHNA COFFEE WORKS
Market Road, Palakkad. Phone: 0491-2501442